(സി) വിവിധ കുറ്റകൃത്യങ്ങളും അവയുടെ സാഹചര്യങ്ങളും സാധാരണ ജനങ്ങളുടെ സാമൂഹ്യ ജീവിതത്തെ ഭീതിജനകമായ രീതിയിൽ സ്വാധീനിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടില്ല.

സതീഷിനെതിരെയുള്ള കൊലക്കേസ്

229 (3051) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ വച്ച് രഘു എന്ന യുവാവിനെ കൊലപ്പെടുത്തിയ കേസിലെ പ്രതിയായ സതീഷിനെ പോലീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ ;

(ബി) കൊലക്കേസിൽ സതീഷിനെതിരെയുള്ള കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; എന്തെല്ലാം കുറ്റങ്ങളാണ് ആരോപിക്കപ്പെട്ടിരിക്കുന്നത് ;

(സി) ഇന്റലിജൻസ് സെക്യൂരിറ്റി വിംഗിൽ ഒരു കൊലക്കേസ് പ്രതി ജോലി ചെയ്യുന്നത് ശരിയാണോ ; ഇയാളെ ഏതെങ്കിലും പാർലമെന്റ് അംഗത്തിന്റെ ഗൺമാനായി നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് പാർലമെന്റ് അംഗത്തിന്റെ ;

(ഡി) പ്രസ്തുത പാർലമെന്റ് അംഗം കൊലപാതക കേസ്സിൽനിന്നും സതീഷിനെ രക്ഷപ്പെടുത്താൻ ശ്രമിച്ചത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302, 34 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ചുമത്തിയിട്ടുള്ളത്.

(സി) നിലവിൽ ശ്രീ. സതീഷ് ഇന്റലിജൻസ് വിഭാഗത്തിൽ ജോലി ചെയ്യുകയോ ടിയാനെ ഏതെങ്കിലും പാർലമെന്റ് അംഗത്തിന്റെ ഗൺമാനായി നിയോഗിക്കുകയോ ചെയ്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly